'ഭരണഭാഷ- മാതൃഭാഷ'

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - പാലക്കാട് ജില്ലയിലെ തരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. രാമൻകുട്ടി എം.നെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2058/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 24/09/2019

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ഡയറക്ടറുടെ 07.03.2018-ലെ ഇ12 (കൃവി3/16/പികെടി)39216/2017 നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 28.05.2018-ലെ ഡി3-307/2018/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 28.07.2018-ലെ ഇപിബി3/173/18/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. രാമൻകുട്ടി എം. സമർപ്പിച്ച 12.02.2019-ലെ പ്രതിവാദ പത്രിക

5 പഞ്ചായത്ത് ഡയറക്ടറുടെ 31.05.2019-ലെ PAN/21950/2018-D10(DP)നമ്പർ കത്ത്

ഉത്തരവ്

പാലക്കാട് ജില്ലയിൽ തരൂർ ഗ്രാമപഞ്ചായത്തിൽ അത്തിപ്പൊറ്റ പഴയ പാലത്തിന് സമീപം ഗായത്രി നദിയ്ക്കു കുറുകെ അനധികൃതമായി റോഡ് നിർമ്മിച്ചത് സംബന്ധിച്ച ആരോപണത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ ത്വരിതാന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ ചുവടെ ചേർക്കുന്ന ക്രമക്കേടുകൾ കണ്ടെത്തുകയുണ്ടായി.

തരൂർ ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള ഗായത്രി നദിയുടെ കുറുകെ അത്തിപ്പൊറ്റയിലുണ്ടായിരുന്ന പഴയ പാലം പൊളിച്ചതിനെത്തുടർന്ന് തങ്ങളുടെ ബിസിനസിന് പാലത്തെ ആശ്രയിച്ചിരുന്ന ശ്രീ. ടോമി ജോസഫിന്റെ നേതൃത്വത്തിൽ സ്ഥലത്തെ ക്വാറി നടത്തുന്ന ചില വ്യക്തികളും സ്വകാര്യ ബസ് ഉടമകളും തങ്ങൾക്ക് ഗതാഗതം തിരിച്ചുവിടുന്നത് വഴി ദൈനംദിനം അധിക ചെലവ് ഉണ്ടാകുന്നതിനാൽ പൊതുജനങ്ങളെ സഹായിക്കാൻ എന്ന വ്യാജേന പഞ്ചായത്ത്, റവന്യൂ ഉദ്യോഗസ്ഥരുടെ മൗനാനുവാദത്തോടെ നിലവിലുള്ള നിയമങ്ങൾ കാറ്റിൽപ്പറത്തി നദി കൈയ്യേറി താത് ക്കാലിക റോഡ് പണിയുകയുണ്ടായി. ബന്ധപ്പെട്ട പഞ്ചായത്ത് അധികാരികൾ സ്വകാര്യ വ്യക്തി നദി കൈയ്യേറി താത് ക്കാലിക റോഡ് നിർമ്മിച്ചിട്ടും തക്കസമയത്ത് തടയാനുള്ള നടപടികൾ സ്വീകരിച്ചില്ല. ശ്രീ. ടോമി ജോസഫും മറ്റുള്ളവരും നിലവിലുള്ള നിയമങ്ങൾ ലംഘിച്ച് നദി കൈയ്യേറി റോഡ് നിർമ്മിച്ചപ്പോൾ പഞ്ചായത്തിലെയും റവന്യൂ വകുപ്പിലെയും ഉദ്യോഗസ്ഥർ മൗനം ഭജിക്കുകയും നിഷ്ക്രിയമായി കണ്ണടച്ചുകൊടുക്കുകയും ചെയ്തു.

മേൽ വിജിലൻസ് കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത വീഴ്ചകൾക്കുത്തരവാദിയായ തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. രാമൻകുട്ടിയ്ക്കെതിരെ പരാമർശം (3) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ശ്രീ. രാമൻകുട്ടി

പരാമർ ശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ ശ്രീ. രാമൻകുട്ടി പെരിങ്ങോട്ടുകുറിശ്ശി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരിക്കെയാണ് തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പൂർണ്ണ അധികച്ചുമതല വഹിക്കാൻ നിയോഗിക്കപ്പെട്ടതെന്നും, ചുമതല ഏറ്റെടുക്കുന്നതിന് മുമ്പ് 21.10.2016-ന് കൂടിയ തരൂർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയോഗം പുതിയ പാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി അത്തിപ്പൊറ്റ പഴയപാലം പൊളിച്ചു നീക്കിയാൽ പൊതുജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് താൽക്കാലിക സംവിധാനം ഒരുക്കുന്നതിന് അനുമതിയ്ക്കായി ബന്ധപ്പെട്ട അധികാരികളോട് അപേക്ഷിക്കാൻ തീരുമാനമെടുത്തിരുന്നുവെന്നും കൂടാതെ ശ്രീ. രാമൻകുട്ടി സെക്രട്ടറിയുടെ അധികച്ചുമതല ഏറ്റെടുക്കുന്ന 05.11.2016-ന് മുമ്പുതന്നെ ഗായത്രി നദിയ്ക്കു കുറുകെ താൽക്കാലിക പാലത്തിന്റെ നിർമ്മാണം പൂർത്തീകരിക്കപ്പെട്ടതായും ആയതിനുശേഷമാണ് ടിയാൻ തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല ഏറ്റെടുത്തതെന്നും പ്രതിവാദ പത്രികയിൽ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത നദിയ്ക്ക് കുറുകെ താൽക്കാലിക മേൽപ്പാലം നിർമ്മിച്ചതുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചത് ടിയാൻ സെക്രട്ടറിയായിരുന്ന കാലയളവിലാണെന്നും ഇപ്രകാരം ഗ്രാമപഞ്ചായത്തിന്റെ അനുമതി കൂടാതെ അനധികൃതമായി പുഴയിൽ മണ്ണിട്ടു നികത്തി റോഡ് നിർമ്മിച്ചതിന് ശ്രീ. ടോമി ജോസഫ്, ഡയറക്ടർ, ഇമ്മാനുവൽ ക്രഷേഴ്സ് & മെറ്റൽസ് എന്നവർക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും നോട്ടീസ് നൽകിയിട്ടുണ്ടെന്നും തുടർന്ന് ഗുരുതരമായ നിയമലംഘനം നടത്തിയ ശ്രീ. ടോമി ജോസഫിൽ നിന്നും 25000/- രൂപ പിഴ ഈടാക്കാനും അനധികൃതമായി പുഴയിൽ നിക്ഷേപിച്ച മണ്ണ് ഗ്രാമപഞ്ചായത്ത് നിർദ്ദേശിക്കുന്ന സമയത്ത് സ്വന്തം നിലയിൽ നീക്കം ചെയ്യുന്നതിനും ആയതിന് സെക്യൂരിറ്റി തുകയായി ഒരു ലക്ഷം രൂപ പഞ്ചായത്തിൽ അടവാക്കുന്നതിന് തീരുമാനം കൈക്കൊള്ളുകയും വിജിലൻസ് അന്വേഷണ ഉദ്യോഗസ്ഥരുടെകൂടി തീരുമാനപ്രകാരം ശ്രീ. ടോമി ജോസഫിന് 28.12.2016-ന് കത്ത് നൽകുകയും ആയത് പ്രകാരം 1,25,000/- രൂപ ടിയാനെക്കൊണ്ട് പഞ്ചായത്തിൽ അടവാക്കുകയും ചെയ്യുവെന്നും നിലവിൽ പ്രസ്തുത പാലം പൂർണ്ണമായും പൊളിച്ചുനീക്കിയിട്ടുണ്ടെന്നും സർക്കാരിനോ ഗ്രാമപഞ്ചായത്തിനോ യാതൊരു സാമ്പത്തിക നഷ്ടവും സംഭവിച്ചിട്ടില്ലെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്.

കുറ്റപത്രത്തിന് ശ്രീ. രാമൻകുട്ടി സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. രാമൻകുട്ടി എം. തരൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല ഏറ്റെടുത്ത 05.11.2016-നു മുമ്പെ തന്നെ ടി അനധികൃത റോഡ് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ശ്രീ. രാമൻകുട്ടി എം. 05.11.2016 മുതൽ 17.01.2017 വരെയുള്ള ചുരുങ്ങിയ കാലയളവിലാണ് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്നതെന്നും, രണ്ട് ഗ്രാമപഞ്ചായത്തുകളുടെയും ജോലിത്തിരക്കിനിടയിലും ഗായത്രിനദിയ്ക്കു കുറുകെയുള്ള അനധികൃത റോഡ് നിർമ്മാണം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ആയതിന് നേതൃത്വം വഹിച്ച വ്യക്തിയിൽ നിന്നും പിഴയും സെക്യൂരിറ്റി ഡെപ്പോസിറ്റും ഈടാക്കിക്കൊണ്ടും ടി അനധികൃത നിർമ്മാണം സംബന്ധിച്ച വിവരം പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങൾ സഹിതം മേൽ അനധികൃത നിർമ്മാണത്തിനെതിരെ നിരന്തരം തുടർനടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും ടിയാന്റെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ചയോ കുറ്റകരമായ അനാസ്ഥയോ ഉണ്ടായിട്ടില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. രാമൻകുട്ടി സമർപ്പിച്ച പ്രതിവാദ പത്രികയുടെയും പഞ്ചായത്ത് ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. രാമൻകുട്ടി തരൂർ ഗ്രാമപഞ്ചായത്തിന്റെ അധിക ചുമതല ഏറ്റെടുക്കുന്നതിനു മുമ്പേ തന്നെ പ്രസ്തുത അനധികൃത നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്നും ശ്രീ. രാമൻകുട്ടിയുടെ ഭാഗത്തുനിന്നും മനപൂർവ്വമായ വീഴ്ചയോ കുറ്റകരമായ അനാസ്ഥയോ ഉണ്ടായിട്ടില്ലെന്നുമുള്ള പഞ്ചായത്ത് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. രാമൻകുട്ടിയെ കുറ്റവിമുക്തനാക്കാവുന്നതാണ് എന്നുകാണുന്നു.ഇതു

സംബന്ധിച്ച് വിജിലൻസ് വകുപ്പിന്റെ അഭിപ്രായം ആരായുകയും പ്രസ്തുത വകുപ്പ് മേൽ തീരുമാനത്തോട് യോജിപ്പ പ്രകടിപ്പിക്കുകയും ചെയ്തു. ഈ സാഹചര്യത്തിൽ തരൂർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറിയായിരുന്ന ശ്രീ. രാമൻകുട്ടിയ്ക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിജു കുട്ടന്.എം.എസ്
അഡീഷണല് സെക്രട്ടറി

പകർപ്പ്

1.ശ്രീ. രാമൻകുട്ടി എം, മുൻ സെക്രട്ടറി, തരൂർ ഗ്രാമപഞ്ചായത്ത്
(പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2.പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3.ഡയറക്ടർ, വിജിലൻസ് & ആന്റി കറപ് ഷൻ ബ്യൂറോ, തിരുവനന്തപുരം

4.അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5.പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്

6.ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7.വിജിലൻസ് വകുപ്പ്
(യു.ഒ റിമാർക്സ് നം.വിജി.ഡി3/307/2018/വിജി. തീയതി 29.08.2019പ്രകാരം)

8.വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/173/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ